കൊണ്ടിരിക്കുകയാണ്. ഇതെല്ലാം പഴയകാലത്ത് പൂട്ടിയതാണ്. ഞങ്ങൾ വന്നതിനുശേഷം പൂട്ടിയതല്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. എ.കെ. ആന്റണി) : ബോണക്കാട് എസ്റ്റേറ്റിൽ അടുത്ത ദിവസങ്ങളിലുണ്ടായ ദുരന്തങ്ങളുടെ സാഹചര്യത്തിൽ ദീർഘകാലമായി കേരളത്തിൽ പൂട്ടിക്കിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികളുടേയും പണിയില്ലാത്തതുമൂലം റേഷൻ വാങ്ങാൻ നിവൃത്തിയില്ലാത്ത ഗ്രാമീണ തൊഴിലാളികളുടേയും കഷ്ടപ്പാട് മനസ്സിലാക്കി അവരെ പട്ടിണി മരണത്തിലേയ്ക്കും സ്ഥിരമായ പട്ടിണിയിലേക്കും തള്ളി നീക്കാതിരിക്കാൻ ഇങ്ങനെ സ്ഥിരമായി പൂട്ടിക്കിടക്കുന്ന ഫാക്ടറികളിലെ പാവപ്പെട്ട തൊഴിലാളികൾക്കും തൊഴിൽ ഇല്ലാതെ കഷ്ടപ്പെടുന്നഗ്രാമീണ മേഖലയിലെ പാവപ്പെട്ട തൊഴിലാളികൾക്കും ആശ്വാസം എത്തിക്കുന്നതിന് പ്രത്യേകമായ എന്തെങ്കിലും സഹായ പദ്ധതി, സൗജന്യറേഷൻ ഉൾപ്പെടെ...തമിഴ്നാട് ഗവൺമെന്റ് ആയിരം രൂപവച്ച് കൊടുക്കുന്ന ഒരു പദ്ധതി കൊണ്ടുവന്നിട്ടുണ്ട്. ഇൻഡ്യയിലെ മറ്റെല്ലാ സ്റ്റേറ്റുകൾക്കും പാവപ്പെട്ട ആളുകളെ സഹായിക്കുന്ന കാര്യത്തിൽ മാതൃക കാണിക്കുന്ന സംസ്ഥാനം കേരളമാണല്ലോ. കേരളത്തിൽ ഈ അടുത്ത കാലത്തുണ്ടായ, വയനാട് ജില്ലയിലും ബോണക്കാടുമെല്ലാം ഉണ്ടായിട്ടുള്ള ദുരന്തങ്ങളുടെ സാഹചര്യത്തിൽ ഇത്തരം ദുരന്തങ്ങൾ ഇനി കേരളത്തിൽ ആവർത്തിക്കാതിരിക്കുന്നതിനുവേണ്ടിയാണ് ചോദിക്കുന്നത്, സ്ഥിരമായി പൂട്ടിക്കിടക്കുന്ന ഫാക്ടറികളിലേയും അതുപോലെ ഗ്രാമീണ മേഖലയിലും പണിയില്ലാതെ വിഷമിക്കുന്ന തൊഴിലാളികളുടേയും രക്ഷയ്ക്കുവേണ്ടി എന്തെങ്കിലും ആശ്വാസ പദ്ധതി, അവരെ സഹായിക്കാൻ വേണ്ടി ഗവൺമെന്റ് അടിയന്തിരമായി ആരംഭിക്കാൻ തയ്യാറാകുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഇതിനെ സംബന്ധിച്ച് ആലോചിക്കാവുന്നതാണ്. പക്ഷേ ഓരോ പ്രദേശത്തും പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ഗവൺമെന്റ് ഇടപെടുകയും സൗജന്യ റേഷൻ കൊടുക്കുകയും ചെയ്യും. ഇപ്പോൾ തീരദേശങ്ങളിൽ പലപ്രദേശങ്ങളിലും കടലേറ്റം ഉണ്ടായി. ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടായപ്പോൾ അവിടെ സൗജന്യ റേഷൻ കൊടുത്തു. ഇപ്പോൾ ബോണക്കാട് സൗജന്യ റേഷൻ കൊടുക്കാൻ നടപടി എടുത്തിട്ടുണ്ട്. എവിടെയാണോ പ്രശ്നങ്ങൾ വരുന്നത് അവിടെയൊക്കെ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പോയി അതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. അതുപോലെ മറ്റു സ്ഥലങ്ങളിലും പ്രത്യേകമായി പരിശോധിച്ച് വേണ്ട കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഇനിയും ഇങ്ങനെ പൊതുവായ ഒരു നിർദ്ദേശം പരിശോധിച്ച് എന്ത് ചെയ്യാൻ കഴിയുമെന്ന് തീരുമാനിക്കുന്നതാണ്.

3 (*123) ചെറുകിട വൻകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള സർക്കാർ സഹായം

ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട-വൻകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് സർക്കാർ ചെയ്തുകൊടുക്കുന്നത്;

(ബി) ഗ്രീൻ ചാനൽ സമിതിക്ക് സ്റ്റാറ്റ്യൂട്ടറി അധികാരം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ ഇക്കാര്യത്തിൽ അന്തിമതീരുമാനം എടുത്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീമതി സുശീലാ ഗോപാലൻ</u>) : (എ) വ്യവസായങ്ങൾ സ്ഥാപിക്കാൻ വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് സർക്കാർ ഏറ്റവുമധികം പ്രാധാന്യം നൽകിയിട്ടുള്ളത്. എല്ലാ അവശ്യ സൗകര്യങ്ങളും ഉള്ള വ്യവസായ പാർക്കുകളും ഗ്രോത്ത് സെന്ററുകളും സംസ്ഥാനത്തിന്റെ പല ഭാഗത്തും തയ്യാറായി കഴിഞ്ഞിട്ടുണ്ട്. സാമ്പത്തിക സഹായം നൽകാനായി നിലവിലുള്ള സ്ഥാപനങ്ങളെ ശക്തിപ്പെടുത്തിയതിനു പുറമെ, പുതിയതായി ഒരു വെഞ്ചർ ക്യാപിറ്റൽ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. വ്യവസായികൾക്ക് വേണ്ട ക്ലിയറൻസുകളും സർട്ടിഫിക്കറ്റുകളും മറ്റും ലഭിക്കാനുള്ള ബുദ്ധിമുട്ടും കാലതാമസവും ഒഴിവാക്കാൻ ഏകജാലക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വ്യവസായങ്ങൾ ആരംഭിക്കാൻ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങളുടെ വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ഇല്ല. എന്നാൽ സ്റ്റാറ്റ്യൂട്ടറി അധികാരമുള്ള ഏകജാലക ക്ലിയറൻസ് ബോർഡുകൾ നിലവിൽ വന്നു കഴിഞ്ഞിട്ടുണ്ട്.

(സി)&(ഡി)ഉദിക്കുന്നില്ല.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u> : സർ, ചെറുകിട വ്യവസായ വായ്പ എടുത്ത് വ്യവസായം തുടങ്ങാൻ അനുകൂല സാഹചര്യം ഇല്ലാതിരുന്നതിനാൽ വായ്പ തിരിച്ചടക്കാൻ കഴിയാതെ കടം കയറി വിഷമിക്കുന്ന ഒട്ടേറെ വ്യവസായികളുണ്ട്. ആത്മഹത്യ വർദ്ധിച്ചുവരുന്ന കൂട്ടത്തിൽ ഏറ്റവും കൂടുതൽ കടം അടയ്ക്കാൻ കഴിയാതെ വരുന്ന ആളുകളുണ്ട്. അബ്കാരികളിൽ നിന്നുകിട്ടാനുള്ള 90 കോടി രൂപ ഗവൺമെന്റ് എഴുതി തള്ളുകയുണ്ടായി. അതുപോലെ ചെറുകിട വ്യവസായികളിൽ തിരിച്ചടയ്ക്കാൻ കഴിയാത്തവരുടെ വായ്പ എഴുതി തള്ളുവാനും അവരെ സഹായിക്കുവാനുമുള്ള എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : അവരെ സഹായിക്കുന്നതിനുള്ള നടപടിയാണ് ഞാൻ നേരത്തെ ഇവിടെ വിശദീകരിച്ചത്. Sick- ആയി കിടക്കുന്ന സ്ഥാപനങ്ങൾ എത്രയെന്ന് ഐഡന്റിഫൈ ചെയ്ത് അതിനെയെല്ലാം പുനരുദ്ധരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ തുടങ്ങുന്നതിനുള്ള പുതിയ പാക്കേജുകൾ ഉണ്ടാക്കി ബാങ്കുകളുമായി ബന്ധപ്പെട്ട് ഓരോ സ്ഥാപനങ്ങളേയും വിലയിരുത്തി പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്. അവരെ സഹായിക്കുന്നതിനായുള്ളതാണ് ഈ നടപടി. അവരെ തിരിച്ച് വ്യവസായത്തിലേയ്ക്ക് കൊണ്ടുവരുകയെന്നുള്ളതാണ് ഞങ്ങളുടെ നയം. അതിന് ആവശ്യമായ നടപടികൾ എല്ലാ ജില്ലകളിലും ഇന്ന് നടന്നുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u> : ഒട്ടേറെ വിദേശ വസ്തുക്കളുടെ ഇറക്കുമതി നയം ഒഴിവാക്കിയതിനാൽ വിപണിയിൽ സുലഭമാകുന്ന വിദേശ ഉൽപ്പന്നങ്ങളോട് മൽസരിക്കാൻ സംസ്ഥാനത്തെ ചെറുകിട വൻകിട വ്യവസായങ്ങൾക്ക് വളരെയേറെ പ്രയാസമുണ്ടാകും. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ വ്യവസായികളുടെ ഉൽപ്പന്നങ്ങൾ വിപണിയിൽ വിറ്റഴിക്കാൻ പ്രത്യേകിച്ച് ചെറുകിട വ്യവസായികളുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ ഗവൺമെന്റ് എന്തെങ്കിലും സഹായം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ? അതിന് എന്തെങ്കിലും

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി നിലവിലുണ്ടോ? ഉണ്ടെങ്കിൽ ഗൗരവമായി എടുത്ത് ഈ പദ്ധതികൾ ആവിഷ്ക്കരിക്കുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : ചെറുകിട വ്യവസായങ്ങൾക്ക് പ്രത്യേകിച്ചും ഇന്നത്തെ മത്സരത്തെ അതിജീവിക്കാൻ കഴിയാത്ത വിധത്തിൽ ആധുനിക ടെക്നോളജി അവർക്ക് ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ ഞങ്ങൾ എടുത്തിട്ടുണ്ട്. എ.പി.സി.റ്റി.റ്റി. യുമായി ഞങ്ങൾ കരാർ ഒപ്പിട്ടു. പുതിയ ടെക്നോളജി കിട്ടുന്നതിനുവേണ്ടിയാണ്. ബാംബു മേഖലയിൽ അത് കിട്ടിക്കഴിഞ്ഞു. ചൈനയിൽനിന്നും ആളുകൾ വന്നു. ഞങ്ങൾ ചർച്ച ചെയ്തു. അതിന് സഹായം കിട്ടിക്കൊണ്ടിരിക്കുന്നുണ്ട്. അതുപോലുള്ള മറ്റ് സാങ്കേതിക വിദ്യകൾ ഏർപ്പെടുത്തുന്നതു കൂടാതെ അവരുടെ മാർക്കറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ആദ്യമായി സ്ത്രീകളുടെ വ്യവസായങ്ങളുടെ മാർക്കറ്റിംഗ് ആണ് ഞങ്ങൾ എടുത്തത്. എറണാകുളം ജില്ലയിൽ സിഡ്കോയും സി.ഡി.എസ്.ഉം, അതുപോലെ വിമൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനും ചേർന്നുകൊണ്ട് അവരുടെ ഉൽപ്പന്നങ്ങൾ വിൽപ്പന ആരംഭിച്ചു കഴിഞ്ഞു. നല്ല രീതിയിൽ നടന്നുകൊണ്ടിരിക്കുന്നു. കോഴിക്കോടും ഇത് ആരംഭിച്ചിട്ടുണ്ട്. ഞങ്ങൾ സിഡ്ബിയുമായി സംസാരിച്ച് കുറച്ച് പണം കൂടി കടമെടുത്ത് അവരുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് ആവശ്യമായ പരിപാടികൾ ആവിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്. അടുത്തുതന്നെ പൊതുവായ ചെറുകിട വ്യവസായങ്ങളുടെ ഉൽപ്പന്നങ്ങളുടെ വിപണനരംഗത്ത് സഹായിക്കുന്നതിനുള്ള നടപടികൾ എടുക്കുന്നതാണ്.

<u>ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ</u> : സർ, വ്യാവസായിക പ്രോൽസാഹന പ്രവർത്തനങ്ങളിലെ ഏറ്റവും പ്രധാനമായ ഒരു സംഗതിയാണ് മൂലധന സബ്സിഡി. ബഹുമാനപ്പെട്ട മന്ത്രി ചോദ്യത്തിന് മറുപടിയായി തന്ന annexure-ന്റെ കൂട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള ഒരു കാര്യം സ്ഥിരമൂലധനത്തിന്റെ 15% പരമാവധി 15 ലക്ഷം ഉറുപ്പികവരെ സബ്സിഡി നൽകുന്നു എന്നാണ്. ബഹുമാനപ്പെട്ട മന്ത്രിതന്നെ അദ്ധ്യക്ഷയായിട്ടുള്ള സബ്ജക്ട് കമ്മിറ്റിയുടെ ലേറ്റസ്റ്റ് റിപ്പോർട്ടിൽ പറയുന്ന ഒരു കാര്യം ഈ കഴിഞ്ഞ സാമ്പത്തിക വർഷം 695 യൂണിറ്റുകൾക്ക് മൂലധന സബ്സിഡി കൊടുക്കാൻ കഴിഞ്ഞിട്ടില്ല എന്നാണ്. മൂലധന സബ്സിഡിയായിട്ട് 30 കോടി ഉറുപ്പിക ഇപ്പോൾ തന്നെ കുടിശ്ശിക കിടക്കുകയാണെന്നാണ്. ഈ കൊല്ലമുള്ള പ്രൊവിഷനാകട്ടെ 1438 ലക്ഷവുമാണ്. പിന്നെ എങ്ങനെയാണ് ഇത് നടത്തുക. പ്രോത്സാഹന പദ്ധതി എന്ന് കടലാസിൽ പറയുകയും 30 കോടി അരിയേഴ്സ് ഉള്ളിടത്ത് വെറും 1438 ലക്ഷം ഏതെങ്കിലും സബ്സിഡികൾക്ക് വകയിരുത്തുകയും ചെയ്താൽ ഇത് പേപ്പറിൽ മാത്രമേ കിടക്കൂ, സബ്സിഡി കിട്ടില്ല എന്ന് വ്യക്തമാണ്. ഇപ്പോൾ പ്രധാനപ്പെട്ട മൂലധന സബ്സിഡി എന്നുപറയുന്ന പ്രോത്സാഹന പദ്ധതിതന്നെ അവതാളത്തിൽ കിടക്കുകയാണ്. അതിന് എന്താണ് പരിഹാര മാർഗ്ഗം. ഈ മൂലധന സബ്സിഡിയുടെ കുടിശ്ശിക കൊടുത്തു തീർക്കാനും ഇനി തുടങ്ങുന്ന വ്യവസായത്തിന് മൂലധന സബ്സിഡി ഭംഗം കൂടാതെ കൊടുക്കുമെന്ന് ഉറപ്പുവരുത്താനും വല്ല നടപടിയും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : സർ, സബ്സിഡി കുറച്ച് കുടിശ്ശികയുണ്ട്. ഏതാണ്ട് 30 കോടി ഇല്ല, 25 കോടിയിൽ താഴെയാണ്. അത് കൊടുക്കുന്നതിനുവേണ്ടി സിഡ്ബി-യുമായി സംസാരിച്ച് ധാരണവരുത്തി ഉടനെതന്നെ

LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ഐ.ഡി.സി. വഴി ആ പണം എടുത്ത് മുഴുവൻ സബ്സിഡിയും ക്ലിയർ ചെയ്യുന്നതിനുള്ള നടപടി എടുത്തിട്ടുണ്ട്.

<u>ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ</u> : സർ, വ്യവസായങ്ങളുടെ കൂട്ടത്തിൽ എന്തുപറഞ്ഞിരുന്നാലും നമ്മുടെ പ്രധാനപ്പെട്ട മുതൽ എന്നുപറയുന്നത് പൊതുമേഖലാ വ്യവസായങ്ങൾ തന്നെയാണ്. ഈ ഗവൺമെന്റ് വ്യവസായങ്ങളെ സംബന്ധിച്ച് ഇറക്കിയ ധവളപത്രത്തിൽ ഒരു കാര്യം പറഞ്ഞിരിക്കുന്നു. അതായത് നമ്മുടെ സിക്ക് ആയിട്ടുതീരുന്ന പൊതുമേഖലാസ്ഥാപനങ്ങൾ, ആ സ്ഥാപനങ്ങളെ റിവൈവ് ചെയ്യാൻവേണ്ടി ബി.ഐ.എഫ്.ആറി.ന് അയച്ചാൽ തന്നെയും റിവൈവൽ പാക്കേജ് ഫൈനലൈസ് ചെയ്തുകിട്ടുന്നതിന് വളരെ താമസം വരുന്നു എന്നുള്ളതാണ് സംഗതി. അതോടൊപ്പം പറഞ്ഞ മറ്റൊരു സംഗതി, റിവൈവൽ പാക്കേജിൽ തന്നെ ഏതെങ്കിലും ഒരു പാർട്ടി ലംഘിക്കുകയാണെങ്കിൽ ഇംപ്ലിമെന്റ് ചെയ്യാനും വളരെ പ്രയാസമുണ്ടെന്നാണ്. അപ്പോൾ യഥാർത്ഥത്തിൽ സിക്ക് യൂണിറ്റുകളെ പുനരുദ്ധരിക്കുന്നതിന് വേണ്ടിയുള്ള നടപടിക്കുതന്നെ വൻപിച്ച തോതിൽ ഭംഗം വരുന്നു എന്നാണ് ധവളപത്രത്തിൽ തന്നെ പറഞ്ഞിട്ടുള്ളത്. ഈ പ്രതിസന്ധി തരണം ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : സർ, പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിനും നവീകരിക്കുന്നതിനുമൊക്കെയായി നമ്മൾ പുനരുദ്ധാരണ ഫണ്ട് ഉണ്ടാക്കുകയും ആ ഫണ്ടിൽനിന്നും ഓരോന്നിന്റെയും റിവൈവൽ പാക്കേജ് ഉണ്ടാക്കി അവർക്ക് പണം കൊടുക്കുന്നതിനുള്ള നടപടി എടുക്കുകയും ചെയ്തിട്ടുണ്ട്. ഇതുവരെ ഏഴെട്ടോളം സ്ഥാപനങ്ങൾക്ക് പണം കൊടുത്തുകഴിഞ്ഞു, ബാക്കിയുള്ളതിന്റെ പാക്കേജ് വരുന്നതിനനുസരിച്ച് പണം കൊടുക്കും. ഏതാണ്ട് 180 കോടിയോളം രൂപ കൊടുത്തുകഴിഞ്ഞു. ഇപ്പോൾ 65 കോടിയോളം രൂപ നമ്മൾ കൊടുത്തു. ബാക്കിയുള്ള പണം കൈയിലുണ്ട്. അതുപോലെ തന്നെ പൊതുമേഖലയ്ക്കുള്ള 65 കോടി ഇത്തവണത്തേത് ഉണ്ട്. ഇതെല്ലാംകൂടി പൊതുമേഖലയെ ആകെ പുനരുദ്ധരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളാൻ കഴിയും. അതിന് ദ്രുതഗതിയിൽ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

<u>ശ്രീ. എ.സി. ഷൺമുഖദാസ്</u> : സർ, ഇവിടെ 'എ' ചോദ്യത്തിന് ഉത്തരം പറഞ്ഞപ്പോൾ ഇൻഡസ്ട്രിയൽ പാർക്കിന്റെയും ഇൻഡസ്ട്രീയൽ ഗ്രോത്ത് സെന്ററിന്റെയും അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കണം എന്നുപറഞ്ഞു. എത്ര ഇൻഡസ്ട്രീയൽ ഗ്രോത്ത് സെന്ററുകളുടെ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഇൻഡസ്ട്രീയൽ ഗ്രോത്ത് സെന്ററുകൾ അടക്കം അടിസ്ഥാന സൗകര്യങ്ങൾ പൂർത്തീകരിച്ചതിനെത്തുടർന്ന് എത്ര അപേക്ഷകർ മുന്നോട്ടുവന്നിട്ടുണ്ട്. അപേക്ഷകർ വന്നില്ലെങ്കിൽ അപേക്ഷകർ വരുന്നതിനുവേണ്ടിയുള്ള എന്തു നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചത് എന്ന് വെളിപ്പെടുത്തുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : സർ, സംസ്ഥാനത്ത് നാല് ഗ്രോത്ത് സെന്ററുകൾക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും അംഗീകാരം കിട്ടി, മൂന്നെണ്ണത്തിന്റെ പ്രവർത്തനം പൂർത്തിയായി, നാലാമത്തെ ചേർത്തലയിലുള്ള ഗ്രോത്ത് സെന്ററിന്റെ സ്ഥലമെടുപ്പ് നടന്നുകൊണ്ടിരിക്കുകയാണ്. കോഴിക്കോട് ഗ്രോത്ത് സെന്റർ പ്രത്യേകിച്ചും കുറച്ച് അകലെയാണ്. ഈ ഗ്രോത്ത് സെന്ററുകളിൽ ആളുകൾക്ക് വരുന്നതിന് ബുദ്ധിമുട്ടുണ്ട്. അങ്ങോട്ടുള്ള റോഡും ശരിയാക്കേണ്ടതുണ്ട്. ബ്ലോക്കുമായിട്ടൊക്കെ ബന്ധപ്പെട്ട് ഈ

LIBRARY ARCHIVES Kerala Legislative Assembly

റോഡ് എങ്ങനെ പൂർത്തിയാക്കാൻ കഴിയും എന്നുള്ള കാര്യവും ഞങ്ങൾ പരിശോധിച്ച് ചെയ്യുന്നുണ്ട്, തന്നെയുമല്ല അതിന് വേണ്ടി പ്രത്യേക ഇൻഡസ്ട്രീയൽ മീറ്റ് ഉടൻതന്നെ പ്ലാൻ ചെയ്തിട്ടുണ്ട്. ആളുകളെ ഈ കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തി അങ്ങോട്ട് ആകർഷിക്കുന്നതിനുവേണ്ട നടപടി എടുക്കുന്നുണ്ട്.

ശ്രീ. സി.എഫ്. തോമസ് : സർ, കഴിഞ്ഞ ചോദ്യത്തിൽ അങ്ങ് ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽസിനെക്കുറിച്ച് പറഞ്ഞു. പൂട്ടിക്കിടക്കുന്ന ഈ വ്യവസായശാലയിൽ പ്രധാനമായും ആയിരത്തോളം തൊഴിലാളികളുണ്ട്. അത് എങ്ങനെ അടയ്ക്കുകയും തുറക്കുകയുമൊക്കെ ചെയ്യുമെന്നാണ് അങ്ങ് പറഞ്ഞത്. പക്ഷെ ഒരു കൊല്ലമായിട്ടും പൂട്ടിക്കിടക്കുകയാണ്. എന്തെങ്കിലും രീതിയിൽ അടിയന്തിരമായി അത് തുറക്കാൻ നടപടി സ്വീകരിക്കുകയും അവിടെ പട്ടിണിയിലായിരിക്കുന്ന തൊഴിലാളികൾക്ക് എന്തെങ്കിലും ആശ്വാസം കൊടുക്കുകയും ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : സർ, ഈ സ്ഥാപനം തുറക്കുന്നതിനു വേണ്ടി നിരവധി പരിശ്രമങ്ങൾ ഞങ്ങൾ നടത്തിയിട്ടുണ്ട്. അവരുടെ ഒരു ഹൈഡ്രോ ഇലക്ട്രിക് സ്കീം പൂർത്തിയാക്കേണ്ടതുണ്ട്. പൂർത്തിയായിക്കഴിഞ്ഞാൽ ഒന്നു രണ്ടു മാസത്തിനുള്ളിൽ തുറക്കാമെന്നാണ് പറഞ്ഞത്. അതിനാവശ്യമായി കെ.എസ്.ഐ.ഡി.സി. യിൽ നിന്നും ചില സഹായങ്ങൾ കൊടുക്കാനും ഞങ്ങൾ സമ്മതിച്ചിട്ടുണ്ട്. ആ രീതിയിൽ അത് തുറക്കുന്നതിനുള്ള നടപടിയാണ് എടുക്കുന്നത്. ആ കമ്പനിയെ സംബന്ധിച്ചിടത്തോളമുള്ള ഒരു ബുദ്ധിമുട്ട് ആ കമ്പനിക്ക് ആവശ്യമായി കിട്ടുന്ന പണം അവർ ഐ.ഡി.ബി.ഐ. പോലുള്ള സ്ഥാപനങ്ങളിൽനിന്ന് എടുത്തുപോലും ഡൈവർട്ട് ചെയ്യുന്ന ഒരു സ്വഭാവമുണ്ട്. അതുകൊണ്ട് കെ.എസ്.ഐ.ഡി.സി. യിൽ നിന്ന് പണം കൊടുക്കുമ്പോൾ ഇത് ആ വ്യവസായത്തിനുതന്നെ മുടക്കണം എന്നുള്ള കാര്യത്തിൽ ഞങ്ങൾക്ക് നിർബന്ധമുണ്ട്. അത് ഉറപ്പുവരുത്തി തുറപ്പിക്കുന്നതിനുള്ള പരിശ്രമമാണ് ഞങ്ങൾ നടത്തുന്നത്.

ശ്രീ. എം.വി. ജയരാജൻ : സർ, ചെറുകിട ഇടത്തരം വ്യവസായങ്ങളുടെ സംരക്ഷണത്തിനുവേണ്ടി ഈ ഗവൺമെന്റ് ഒരുപാട് നടപടികൾ സ്വീകരിക്കുന്നതായിട്ട് അങ്ങ് പറഞ്ഞു. Industrial Revitalisation ഫണ്ടിൽ നിന്ന് നമ്മുടെ വ്യവസായങ്ങൾക്ക്, ആ വ്യവസായ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായിട്ടുള്ള തുക നൽകിയിട്ടുണ്ടോ, ഏതൊക്കെ സ്ഥാപനങ്ങളിൽ അത്തരത്തിൽ തുക നൽകിയിട്ടുണ്ട്. കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിൽ ഒരു പ്രോജക്ട് തയ്യാറാക്കി ഗവൺമെന്റിന്റെ ഫണ്ടിനുവേണ്ടി ഈ സ്കീമിൽ നിന്ന് ആവശ്യപ്പെട്ടിട്ടുണ്ട്, ആ തുക അനുവദിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീമതി സുശീലാ ഗോപാലൻ : സർ, നമ്മുടെ സംസ്ഥാനത്ത് പത്ത് പൊതുമേഖലാ സ്ഥാപനങ്ങളെയും അതുപോലെ സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ടെക്സ്റ്റൈയിൽ മില്ലുകളെയും പുനരുദ്ധരിക്കുന്നതിന് 76 കോടി രൂപയുടെ പദ്ധതി ഉണ്ടാക്കി ആ പണം കൊടുക്കുന്നതിനുള്ള നടപടി എടുത്തിട്ടുണ്ട്. പണത്തിന്റെ ലഭ്യത അനുസരിച്ച് ഇത് കിട്ടുന്ന മുറയ്ക്ക് ഇത് ഓരോന്നും നടത്താൻ അതിന് പണം കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. കണ്ണൂർ സ്പിന്നിംഗ് മില്ലിന് ഏതാണ്ട് ഏഴ് കോടിയോളം രൂപ കൊടുത്തിട്ടുണ്ട്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു ഇലക്ട്രിസിറ്റിയുടെ ചാർജ് വർദ്ധിപ്പിച്ചതുകൊണ്ട് ഒരു സ്ഥാപനവും

LIBRARY ARCHIVES Kerala Legislative Assembly

പൂട്ടേണ്ടിവന്നിട്ടില്ല എന്ന്. ടി.സി.എം. കുണ്ടറ പവർ സറണ്ടർ ചെയ്തു. തൊഴിലാളികളെ പിരിച്ചുവിട്ടു. ടി.സി.എം. കളമശ്ശേരി ഭാഗികമായി പവർ സറണ്ടർ ചെയ്തു. ഇൻഡ്യൻ അലൂമിനിയം, ഏലൂർ 25 K Four Two അവിടെ പവർ സറണ്ടർ ചെയ്തു. ചിങ്ങവനത്തെ ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽസ് പവർ സറണ്ടർ ചെയ്തു. അതിന്റെയൊക്കെ ഫലമായി തൊഴിലാളികൾക്ക് ജോലിയില്ലാതെയായി. അതേ സമയത്ത് പവറിന്റെ ചാർജ് വർദ്ധിപ്പിച്ചതു കൊണ്ട് ഇവിടെയുള്ള സ്ഥാപനങ്ങൾ പൂട്ടുന്നു. ഇതിനെതിരായി എല്ലാ തൊഴിലാളികളും ബഹുമാനപ്പെട്ട മന്ത്രിയുടെ സംഘടനയടക്കം കൂട്ടായ സമരങ്ങൾ നടത്തുന്നു. എന്നിട്ടും അതിന് പരിഹാരം ഉണ്ടാകുന്നില്ല. അത് ഒരു ഭാഗത്ത്. ഇന്നത്തെ പത്രത്തിൽ അധികാരത്തിലേറിയിട്ട് ആറു മാസംമാത്രമായ കർണ്ണാടകത്തിലെ ശ്രീ. കൃഷ്ണയുടെ ഗവൺമെന്റ് 24,700 കോടിയുടെ പുതിയ പദ്ധതികൾക്ക് ഇന്റർനാഷണൽ കോൺഫറൻസ് കഴിഞ്ഞ് എം.ഒ.യു. ഒപ്പിട്ടു. നാല് കൊല്ലമായിട്ട് നാല് ഊറുപ്പിക മുടക്കി ഇതുപോലെ ഒരു എം.ഒ.യു. ഒപ്പിടാൻ അങ്ങയുടെ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : സർ, എം.ഒ.യു. വളരെക്കൂടുതൽ ഒപ്പിട്ട് ആയിരക്കണക്കിന് കോടി വന്നില്ല എന്നുള്ളത് വസ്തുതയാണ്. ചെറുകിട വ്യവസായങ്ങളാണ് നമ്മുടെ രാജ്യത്ത് വന്നുകൊണ്ടിരിക്കുന്നത്. പക്ഷെ എസ്.എം. കൃഷ്ണയുടെ സംസ്ഥാനത്ത് 32 ടെക്സ്റ്റൈൽ മില്ലുകൾ പൂട്ടിയിട്ടുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ. എത്രായിരം ആളുകൾ പുറത്തുപോയി എന്നറിയാമോ? 450 മില്ലുകൾ പൂട്ടി. നമ്മൾ പൂട്ടാൻ സമ്മതിച്ചിട്ടില്ല. ഉള്ളതിനെ സംരക്ഷിക്കാനുള്ള നടപടിയാണ് നമ്മൾ എടുക്കുന്നത്.

<u>ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ</u> : സർ, അഞ്ചേക്കർ സ്ഥലം ഒരു മണ്ഡലത്തിൽ സൗജന്യമായി തരികയാണെങ്കിൽ വ്യവസായകേന്ദ്രം ആരംഭിക്കാം എന്ന് തീരുമാനിച്ച് വിശദീകരിക്കപ്പെട്ടിട്ടുള്ളതാണ്. തളിപ്പറമ്പ് മണ്ഡലം ഉൾപ്പെടെയുള്ള നിരവധി മണ്ഡലങ്ങളിൽ ഭൂമി സൗജന്യമായിട്ട് കൊടുക്കാനുള്ള തീരുമാനം ഉണ്ടായിട്ടും വ്യവസായ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. അടിയന്തിരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : സർ, കിട്ടിയ സ്ഥലത്തിൽ ഒൻപത് ലക്ഷം രൂപയുടെ ഡെവലപ്പ്മെന്റ് നടന്നുകൊണ്ടിരിക്കുകയാണ്. അൽപ്പം പണത്തിന്റെ കുറവുണ്ട്. അത് നികത്തുന്നതിനാവശ്യമായ രീതിയിൽ പണം മറ്റ് ഏജൻസികളുമായി സംസാരിച്ച് ഏതാണ്ട് കിട്ടാറായിട്ടുണ്ട്. ഇന്നിപ്പോൾ ഏകദേശം 42 ഓളം സ്ഥലം വ്യവസായപാർക്കുകൾക്ക് കിട്ടിയിട്ടുണ്ട്. പണം കിട്ടികഴിഞ്ഞാൽ അതെല്ലാം ഡെവലപ്പ് ചെയ്യുന്നതിന് നടപടി എടുക്കുന്നതാണ്.

<u>ശ്രീ. കെ.എ. ചന്ദ്രൻ</u> : നമ്മുടെ സംസ്ഥാനത്ത് ചെറുകിട വ്യവസായങ്ങളാണ് കൂടുതലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, നിലവിലുള്ള ചെറുകിട വ്യവസായ സ്ഥാപനങ്ങളും സ്വയം തൊഴിലിന് വായ്പയെടുത്ത തൊഴിലാളികളും തിരിച്ചടയ്ക്കാൻ കഴിയാതെ ഇന്ന് ജപ്തി നടപടിക്ക് വിധേയമായിട്ടുണ്ട്, ഇതിൽ പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, ഈ സ്വയം തൊഴിലിന് എടുത്ത ആ സ്ഥാപനങ്ങളും ചെറുകിട വ്യവസായങ്ങളും പുനരുദ്ധരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? ഇന്ന് വന്നുചേർന്നിട്ടുള്ള ജപ്തി നടപടികളിൽനിന്ന് അവ നിറുത്തിവയ്ക്കാനാവശ്യമായ വേണ്ട നിർദ്ദേശം നൽകുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : സർ, ജപ്തി നടപടികൾ വരുന്നതിനുമുമ്പ് സമീപിക്കുന്ന ആളുകൾക്ക് റിലീഫ് കൊടുക്കാനും ഗഡുക്കളായി

LIBRARY ARCHIVES Kerala Legislative Assembly

അനുവദിക്കാനും ഒക്കെയുള്ള നടപടികൾ എടുത്തിട്ടുണ്ട്. എല്ലാ ജില്ലയിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു എൻജിനീയറെയും, ഒരു എം.ബി.എ. ക്കാരനേയും വച്ചിട്ടുണ്ട്. സിക്ക് ഇൻഡസ്ട്രീസ് ഐഡന്റിഫൈ ചെയ്ത് റിവൈവ് ചെയ്യാൻ ബാങ്കുകളുടെ സഹായം കിട്ടാത്ത ഒരു ബുദ്ധിമുട്ട് ഉണ്ടെങ്കിലും അതിന് നടപടിയെടുത്തുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. പി. വിശ്വൻ</u> : സർ, കെൽട്രോൺ പുനരുദ്ധാരണത്തെക്കുറിച്ചാണ് എനിക്ക് ചോദിക്കാനുള്ളത് ...

<u>മി. സ്പീക്കർ</u> : അത് മിനിസ്റ്റർ മറുപടി പറയട്ടെ, കെൽട്രോൺ പുനരുദ്ധാരണം.

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : സർ, കെൽട്രോൺ എന്ന സ്ഥാപനത്തിന് 200 കോടി രൂപയുടെ കടബാദ്ധ്യതയാണ് ഉണ്ടായിരുന്നത്. അത് ബാങ്കുകളുമായി സംസാരിച്ച് 120 കോടിയെന്നുള്ള ഒരു ധാരണയുണ്ടാക്കിയിട്ടുണ്ട്. അതിൽ രണ്ടു സ്ഥാപനങ്ങൾക്കുള്ള കടബാദ്ധ്യത തീർത്തിട്ടുണ്ട്. ബാങ്കുകൾക്ക് ഏഴു കൊല്ലം കൊണ്ടാണ് ഈ പണം കൊടുത്തു തീർക്കാമെന്നു പറഞ്ഞത്, അതിൽ അവർക്ക് ചില ബുദ്ധിമുട്ട് ഉണ്ട്, അതുകൊണ്ട് വീണ്ടും സംസാരിച്ച് അതു കുറേക്കൂടി, ഒന്നോ രണ്ടോ കൊല്ലം കൊണ്ട് കൊടുത്തു തീർക്കാനുള്ള പരിപാടികൾ ആവിഷ്കരിക്കാനുള്ള നടപടിയെടുത്തിട്ടുണ്ട്. ഓരോന്നും പുനരുദ്ധരിച്ച് വരികയാണ്, അതിന്റെ പ്രവർത്തനം മെച്ചപ്പെട്ടിട്ടുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

4 (*124) മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് അനുവദിച്ച തുക

<u>ശ്രീ. കെ. നാരായണക്കുറുപ്പ്</u> :
<u>ശ്രീ. കെ.എം. മാണി</u> :
<u>ശ്രീ. തോമസ് ചാഴികാടൻ</u> :
<u>ശ്രീ. സി.എഫ്. തോമസ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പു മുഖേന ഭവന നിർമ്മാണത്തിന് 1999-2000 സാമ്പത്തികവർഷം തുക അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തുതുക അനുവദിച്ചിട്ടുണ്ടെന്നും ഒരോ ജില്ലയ്ക്കും അനുവദിച്ചിട്ടുള്ള തുക എത്ര വീതമാണെന്നും വ്യക്തമാക്കുമോ;

(സി) ഇവർക്ക് അനുവദിച്ച തുക യഥാർത്ഥ ഉപഭോക്താക്കൾ അറിയാതെ ട്രഷറിയിൽനിന്നും മാറ്റിയെടുത്തതായ എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിൻമേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly